ഉത്തരം

(എ) 218 കേസുകൾ ഉണ്ടായിട്ടുണ്ട്.

(ബി, സി) ഇതിനെക്കുറിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല.

(ഡി) സമാന്തര സർവ്വീസുകളുടേയും ലോറികളുടേയും അമിത വേഗത തടയുന്നതിന് വാഹനപരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് പിഴ ചുമത്തിയും സമാന്തര സർവ്വീസുകളുടെ പെർമിറ്റ് റദ്ദ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് രണ്ട് സ്പെഷ്യൽ സ്കാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അമിത വേഗത നിയന്ത്രിക്കാൻ എല്ലാ വലിയ ട്രാൻസ്പോർട്ട് വാഹനങ്ങളിലും വേഗതാ നിയന്ത്രണ സംവിധാനം (സ്പീഡ് ഗവേർണർ) 1-9-2003 മുതൽ ഘടിപ്പിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

41 [2693] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ കെ. ബാബു:
„ പി. ജെ. ജോയി:
„ വി. ഡി. സതീശൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുണ്ടാകുന്ന റോഡപകടങ്ങളുടെ എത്ര ശതമാനം സംസ്ഥാനത്തെ ദേശീയ ഹൈവേകളിൽ ഉണ്ടാകുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തുള്ള ആകെ റോഡുകളുടെ ദൈർഘ്യത്തിന്റെ എത്ര ശതമാനമാണ് നാഷണൽ ഹൈവേയുടെ ദൈർഘ്യം;

(സി) നാഷണൽ ഹൈവേയിൽ താരതമ്യേന അപകടങ്ങളുടെ എണ്ണം കൂടുതലാണോ;

(ഡി) നാഷണൽ ഹൈവേയിൽ അപകടം കൂടുന്നതിന് വാഹനങ്ങളുടെ വേഗത ഒരു ഘടകമാണോ;

(ഇ) എങ്കിൽ നാഷണൽ ഹൈവേയിൽ വാഹനങ്ങളുടെ വേഗം കുറയ്ക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 28 %.

(ബി) 7 %.

(സി) സംസ്ഥാനത്ത് ഉണ്ടാകുന്ന മൊത്തം റോഡപകടങ്ങളിൽ 28% നാഷണൽ ഹൈവേകളിൽ ഉണ്ടാകുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(ഡി) അതെ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വാഹനങ്ങളുടെ പരമാവധി വേഗത നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പാലിക്കുന്നതിന് ഹാന്റ് ഹെൽഡ് റഡാറുകളുടെ സഹായത്തോടെ സ്പീഡ് ചെക്കിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ പരമാവധി വേഗത സൂചിപ്പിക്കുന്ന ബോർഡുകൾ ദേശീയ പാതയിൽ സ്ഥാപിച്ചിട്ടുണ്ട്. അപകട മേഖലകൾ (ആക്സിഡന്റ് പ്രോൺ സോണുകൾ) കാണിക്കുന്ന പ്രത്യേക ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഹെവി വാഹനങ്ങളിലും സ്പീഡ് നിയന്ത്രണ സംവിധാനം 1-9-2003 മുതൽ ഏർപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സീസൺ പാസ്

42 [2694] ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
„ മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ദിവസവും യാത്ര ചെയ്യുന്നവർക്കായി നിശ്ചിത റൂട്ടിൽ കൺസഷൻ നിരക്കിൽ പ്രതിമാസ സീസൺ പാസ് അനുവദിക്കുന്നതിനെക്കുറിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തുമോ; സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി തിരുവനന്തപുരം സിറ്റിയിൽ നടത്തി വിജയകരവും ലാഭകരവുമെന്ന് കണ്ടാൽ മറ്റു സ്ഥലങ്ങളിൽ കൂടി ഇത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സാദ്ധ്യതാ പഠനം നടത്താവുന്നതാണ്. ഗുണകരമാണെന്ന് കണ്ടാൽ പദ്ധതി നടപ്പിലാക്കാവുന്നതുമാണ്. ഇക്കാര്യം പരിഗണനയിലില്ല.

റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരണം

43 [2695] ശ്രീ. വി. ബാലറാം:
„ വി. ജെ. പൗലോസ്:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി ദിവസേന എത്ര റോഡപകടങ്ങൾ ഉണ്ടാകുന്നുണ്ട്;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾക്ക് രൂപം നൽകാനുദ്ദേശിക്കുന്നു; ഇതിനുവേണ്ടി ഒരു റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കുവാനുദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അതോറിറ്റിയിൽ ആർക്കെല്ലാം പ്രാതിനിധ്യമുണ്ടായിരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly